## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള ഹൈക്കോടതിയുടെ 03.04.2017 ലെ WP(C)29787/2010 നമ്പർ വിധിന്യായം പാലിച്ച് റിട്ട. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ശ്രീ. ടി.കെ. ചന്ദ്രന്റെ പഞ്ചായത്ത് വകുപ്പിലെ പാർട്ട്ടൈം സേവനകാലയളവിലെ പെൻഷൻ കോൺട്രിബ്യൂഷൻ അടവ് വരുത്തി പ്രസ്തുത കാലയളവ് പെൻഷൻ ആനുകൂല്യത്തിന് പരിഗണിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ (സാധാ) നം.735/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 17/03/2018**

---

പരാമർശം : 1. ബഹു. കേരള ഹൈക്കോടതിയുടെ 03.04.2017 ലെ WP(C)29787/2010 നമ്പർ വിധിന്യായം.

2. ശ്രീമതി. യശോദ.പി സമർപ്പിച്ച 18.06.2017 ലെ അപേക്ഷ.

3. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 22.06.2017 ലെ എ 2-4550/17 നം. കത്ത്

4. പഞ്ചായത്ത് ഡയറക്ടറുടെ 22.01.2018 ലെ ഇ 9-29870/17 നം. കത്ത്.

### ഉത്തരവ്

ബഹു. കേരള ഹൈക്കോടതി മുമ്പാകെ മൃഗസംരക്ഷണ വകുപ്പിൽ നിന്ന് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറായി സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. ടി.കെ. ചന്ദ്രൻ ഫയൽ ചെയ്തിരുന്ന WP(C)29787/2010 നമ്പർ ഹർജിയിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച മേൽ പരാമർശം (1) ലെ വിധിന്യായത്തിൽ രണ്ടാം എതിർകക്ഷിയായ കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിക്കുന്ന Exhibit P12 മേൽ ഗവൺമെന്റിന്റെ ബന്ധപ്പെട്ട സെക്രട്ടറി ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിച്ചു. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരേതനായ ശ്രീ. റ്റി.കെ. ചന്ദ്രന്റെ ഭാര്യ ശ്രീമതി. യശോദ. പി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ടിയാളുടെ ഭർത്താവായ ശ്രീ. റ്റി.കെ. ചന്ദ്രൻ മൃഗസംരക്ഷണ വകുപ്പിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറായി 28.02.2007 ൽ സർവ്വീസിൽ നിന്ന് വിരമിക്കുകയും 05.09.2016 ന് മരണപ്പെട്ട് പോവുകയും ചെയ്തതായും നിയമപരമായി ശ്രീ. റ്റി.കെ. ചന്ദ്രന് മിനിമം സർവ്വീസ് പെൻഷൻ കിട്ടാൻ തികച്ചും അർഹതയുണ്ടായിട്ടും സാങ്കേതിക സാഹചര്യം കൊണ്ട് അത് ലഭിക്കാത്തതിനാൽ 2010 ൽ ശ്രീ. റ്റി.കെ. ചന്ദ്രൻ ഫയൽ ചെയ്തിരുന്ന ഹർജിയിന്മേലാണ് വിധി ഉണ്ടായിരിക്കുന്നതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ സേവനകാലം കണക്കിലെടുത്ത് മിനിമം പെൻഷൻ അനുവദിക്കണമെന്നും അഭ്യർത്ഥിച്ചു. പരാമർശം (3) പ്രകാരം കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ Exhibit P12 സർക്കാരിൽ ലഭ്യമാക്കി.

ശ്രീ. ചന്ദ്രന് മിനിമം പെൻഷൻ ലഭിക്കുന്നതിനായി ടിയാൻ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരനായി സേവനമനുഷ്ഠിച്ചിട്ടുള്ള കതിരൂർ, കരിയാട് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ടിയാളുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കുന്നതിന് ടി പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിച്ച് 30.12.2009 ൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയാണ് Exhibit P12. ഇത് സംബന്ധിച്ച റിപ്പോർട്ട് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി. ശ്രീ. ചന്ദ്രൻ 1995 മുതൽ 2003 വരെ പഞ്ചായത്തിൽ പാർട്ട്ടൈം സ്വീപ്പർ ആയും 2003 മുതൽ 2007 വരെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറായും സേവനമനുഷ്ഠിച്ചിരുന്നുവെങ്കിലും പഞ്ചായത്തിലെ പാർട്ട്ടൈം സ്വീപ്പർ തസ്തികയിലെ സേവനകാലം പരിഗണിക്കാത്തതിനാൽ ടിയാന് മിനിമം പെൻഷന് യോഗ്യമായ സേവനകാലം തികയാത്തതിനാൽ പെൻഷൻ അനുവദിക്കാത്തതാണ് മേൽ ഹർജിയ്ക്കാധാരം.

ശ്രീ. റ്റി.കെ. ചന്ദ്രൻ 19.05.1995 മുതൽ 27.07.2003 വരെ പഞ്ചായത്ത് വകുപ്പിൽ പാർട്ട്ടൈം റോഡ് സ്വീപ്പറായി ജോലി നോക്കിയിരുന്നു. പാനൂർ നഗരസഭയിൽ ലയിപ്പിച്ച കരിയാട് ഗ്രാമപഞ്ചായത്തിൽ 27.09.1998 മുതൽ 25.07.2003 വരെ ടിയാൻ ജോലി ചെയ്തിരുന്നു. സ.ഉ(പി) നം. 144/2001/തസ്വഭവ. തീയതി 11.06.2001 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർക്ക് 03.09.1997 തീയതി പ്രാബല്യത്തിൽ യാതൊരു കുടിശ്ശികയ്ക്കും അർഹതയുണ്ടായിരിക്കില്ലെന്ന നിബന്ധനയ്ക്ക് വിധേയമായി പെൻഷൻ/ ഫാമിലി പെൻഷൻ/ ഇൻവാലിഡ് പെൻഷൻ അനുവദിച്ചിട്ടുണ്ട്. ആയതിൻ പ്രകാരമുള്ള പെൻഷൻ കോൺട്രിബ്യൂഷൻ നിജപ്പെടുത്തി പഞ്ചായത്തുകൾ പൊതു ഖജനാവിലേയ്ക്ക് അടയ്ക്കണമെന്നും നിർദ്ദേശിച്ചിരുന്നു. പെൻഷൻ വിഹിതം ഒടുക്ക് വരുത്തിയാൽ മാത്രമേ പെൻഷൻ അനുവദിക്കാനാകൂ. കരിയാട് ഗ്രാമപഞ്ചായത്ത് ഇപ്പോൾ മുനിസിപ്പാലിറ്റി ആയതിനാൽ മുൻ ഗ്രാമപഞ്ചായത്ത് ആസ്തി ബാധ്യതകൾ മുനിസിപ്പാലിറ്റിക്ക് കൈമാറിയിട്ടുണ്ട്. മേത് സാഹചര്യത്തിൽ ശ്രീ. ചന്ദ്രന്റെ പെൻഷൻ വിഹിതം കണക്കാക്കി ടി തുക ഒടുക്കുന്നതിന് പാനൂർ നഗരസഭയ്ക്ക് നിർദ്ദേശം നൽകണമെന്നും പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ. റ്റി.കെ. ചന്ദ്രൻ പഞ്ചായത്ത് വകുപ്പിൽ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരനായി, പാനൂർ നഗരസഭയിൽ ലയിപ്പിച്ച മുൻ കരിയാട് ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിലെ പെൻഷൻ കോൺട്രിബ്യൂഷൻ കണക്കാക്കി ടി തുക ഒടുക്കുന്നതിന് പാനൂർ നഗരസഭാ സെക്രട്ടറിയ്ക്കും ടിയാൻ കതിരൂർ ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിലെ പെൻഷൻ കോൺട്രിബ്യൂഷൻ കണക്കാക്കി ടി തുക ഒടുക്കുന്നതിന് കതിരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും നിർദേശം നല്കി ഉത്തരവാകുന്നു. ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം പെൻഷൻ വിഹിതം അടവ് വരുത്തേണ്ടതും അടവ് വിവരങ്ങൾ അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം, പഞ്ചായത്ത് ഡയറക്ടർ, കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരെ അറിയിക്കേണ്ടതുമാണ്.

പെൻഷൻ കോൺട്രിബ്യൂഷൻ അടവ് വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് റിട്ടയേർഡ് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ശ്രീ. ടി.കെ. ചന്ദ്രന്റെ പഞ്ചായത്ത് വകുപ്പിലെ പാർട്ട്ടൈം കണ്ടിജന്റ് സേവനകാലം കൂടി കണക്കാക്കി ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ ബന്ധപ്പെട്ട പെൻഷൻ സാംങ്ഷനിംഗ് അതോറിറ്റി/അക്കൗണ്ടന്റ് ജനറൽ അനുവദിക്കേണ്ടതാണ്.

പരാമർശം (1) ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എസ്. മോഹൻദാസ്
അഡീഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
മുൻസിപ്പൽ സെക്രട്ടറി, പാനൂർ നഗരസഭ, കണ്ണൂർ ജില്ല.
സെക്രട്ടറി, കതിരൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല.
അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം
ശ്രീമതി. യശോദ. പി, W/o. Late. ടി.കെ. ചന്ദ്രൻ, തീർത്തിക്കോട്ട് താഴെകുനിയിൽ, നിടുംബ്രം, ചൊക്ലി. പി.ഒ, കണ്ണൂർ ജില്ല – 670 672.
ജില്ലാ മൃഗസംരക്ഷണ ഓഫീസർ, കണ്ണൂർ ജില്ല – 670001
കൃഷി (എഎച്ച്) വകുപ്പ്
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/108/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ